LIBRARY ARCHIVES Kerala Legislative Assembly

**നദികളുടെ പരിപാലനവും സംരക്ഷണവും**

158 (3864) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന സംസ്ഥാന നദീതട അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ നദീതടവുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് റിവർബേസിൻ കൺസർവേഷൻ & മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കുവാൻ തത്വത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(ബി) പ്രളയകാലങ്ങളിൽ നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട് നദി ഗതിമാറി ഒഴുകുന്നത് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം എന്നിവയെ തുടർന്ന് നദികളുടെ സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുംവിധം എക്കൽ/ചളി/ മണൽ/ മാലിന്യങ്ങൾ അടിഞ്ഞുകൂടിയതിന്റെ ഫലമായി ചില നദികളിലെ ചില ഭാഗങ്ങളിലും കൈവഴികളുടേയും ഗതിയിൽ മാറ്റം സംഭവിച്ചിട്ടുണ്ട്. ദുരന്തനിവാരണ നിയമം, 2005-ന്റെ പരിധിക്കകത്തുനിന്നുകൊണ്ട് നദികളിൽ അടിഞ്ഞുകൂടിയ എക്കൽ/ചളി/മണൽ/മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം, നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കൽ/ചളി/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) നദികൾ മാലിന്യമുക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ജനപങ്കാളിത്തത്തോടെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം നിർവ്വഹിച്ചാൽ മാത്രമേ നദികൾ മാലിന്യമുക്തമാക്കി മാറ്റാൻ കഴിയൂ എന്നതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിവരുന്നു. നദികളും മറ്റ് ജലസ്രോതസ്സുകളും മലിനമാക്കുന്നത് തടയുന്നതിനായി 2003-ലെ കേരള ജലസേചനവും ജല സംരക്ഷണവും നിയമത്തിൽ ഭേദഗതി വരുത്തി (2018-ൽ) പിഴയും ശിക്ഷയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി-യുടെ ഭാഗമായി ചെറുനദികളേയും നദികളുടെ കൈവഴികളേയും ജനപങ്കാളിത്തത്തോടെ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നദികൾ മാലിന്യ മുക്തമാക്കുന്നതിന്, ജനപങ്കാളിത്തത്തോടുകൂടിയ തുടർനടപടികൾ നവകേരളം കർമ്മ പദ്ധതിയുടെ 2-ാം ഘട്ടത്തിൽ നിർവ്വഹിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനുള്ള അടിസ്ഥാന രേഖയായി ജലസമൃദ്ധി-യുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള സംയോജിത നീർത്തട പ്ലാനുകൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കും. കേരളത്തിലെ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നീ നദികളുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഓരോ പുഴയിലെയും മലിനീകരണത്തിന്റെ തോതും അതിന്റെ ഉറവിടവും കൃത്യമായി മനസ്സിലാക്കുകയും അത് ഉന്മൂലനം ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങളുമടങ്ങിയ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കി വരുന്നു. ഇതിനുപുറമേ, ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരവും കേരളത്തിലെ ചില നദീഭാഗങ്ങൾ കൂടുതലായി മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും ഈ ഭാഗങ്ങളിലെ മാലിന്യ ലഘൂകരണം നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 41 എഞ്ചിനീയറിംഗ് കോളേജുകളുടെ സഹകരണത്തോടെ മാലിന്യം കണ്ടെത്തിയ 21 നദികളിലെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചു വരുന്നു. ജലഗുണനിലവാര പരിശോധന, മാലിന്യസ്രോതസ്സുകൾ കണ്ടെത്തൽ എന്നിവയും പൂർത്തിയാക്കിയിട്ടുണ്ട്.

**നായാടൻ പുഴയുടെ പുനരുജ്ജീവനം**

159 (3865) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴരിയൂർ പഞ്ചായത്തിലും കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലും കൂടി കടന്നുപോകുന്ന നായാടൻ പുഴയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തിയാണ് കുറ്റ്യാടി ഇറിഗേഷൻ കനാൽ കടന്നുപോകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പുഴയുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടത് പ്രദേശത്തെ ആവാസവ്യവസ്ഥയ്ക്ക് മാറ്റമുണ്ടാക്കിയെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?